(സി&ഡി) ഫാസ്റ്റ് ട്രാക്ക് സംവിധാനം ആരംഭിക്കുന്നതിന് മുമ്പായി തന്നെ കരട് സർക്കുലർ എല്ലാ ആഫീസുകളിലും അയച്ച് അഭിപ്രായം ആരാഞ്ഞിരുന്നു. കൂടാതെ ഗതാഗത മന്ത്രി അദ്ധ്യക്ഷത വഹിച്ച ആർ. ടി. ഒ. മാരുടേയും ജോയിന്റ് ആർ. ടി. ഒ. മാരുടേയും സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ ആഫീസുകളിലും ഫാസ്റ്റ് ട്രാക്കിനു വേണ്ടി പ്രത്യേക കൗണ്ടർ തുറക്കുകയും ഓരോ പ്രിന്റർ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സാഹചര്യങ്ങളിൽ നിന്ന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

(ഇ) തപാൽ സംവിധാനത്തിന് പുറമേ ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ നേരിട്ട് വരുന്ന അപേക്ഷകർക്ക് 30 മിനിട്ടിനുള്ളിൽ നടപടി സ്വീകരിച്ച് സേവനം അപേക്ഷകന് നേരിട്ട് നൽകുന്നു. ഫാസ്റ്റ് ട്രാക്ക് കൗണ്ടറിലൂടെ അല്ലാതെയുള്ള സേവനങ്ങൾ തപാലിലൂടെ തന്നെ അയച്ചുവരുന്നു.

സ്പീഡ് ട്രാഫിക് റഡാറുകളും റഡാർ സർവെയലൻസ് സംവിധാനങ്ങളും ഏർപ്പെടുത്താൻ നടപടി

241 (4030) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സ്പീഡ് ട്രാഫിക് റഡാറുകളും റഡാർ സർവെയലൻസ് സംവിധാനങ്ങളും എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരുന്നുവോ ;

(ബി) പ്രസ്തുത സംവിധാനങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്ന നിർദ്ദേശം എന്നാണ് കൈക്കൊണ്ടത് ;

(സി) പ്രസ്തുത സംവിധാനം എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ സമയ ബന്ധിതമായ ഒരു പദ്ധതി തയ്യാറാക്കിയിരുന്നുവോ ;

(ഡി) എങ്കിൽ, ഈ പദ്ധതി എല്ലാ ജില്ലകളിലും എന്നു, മുതൽ പൂർണ്ണമായും നടപ്പിലാക്കാനാണ് തീരുമാനിച്ചിരുന്നത് ;

(ഇ) ഇതുവരെ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ഈ സംവിധാനം നടപ്പിലാക്കി കഴിഞ്ഞത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത സംവിധാനം മറ്റ് ജില്ലകളിൽ എന്നു മുതൽ പൂർണ്ണമായും നടപ്പാക്കാനാകും എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 15 സ്ഥലങ്ങളിൽ പ്രസ്തുത സംവിധാനം സ്ഥാപിക്കുവാൻ 2008-ൽ തീരുമാനിച്ചു.

(സി&ഡി) മൂന്നു ജില്ലകളിൽ മാത്രമാണ് ടി സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി കേരളാ സ്റ്റേറ്റ് ഐ. റ്റി. മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി സ്ഥാപനം പദ്ധതി നടത്തിപ്പിനായി അനുയോജ്യമായ ഒരു സേവന ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ. രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. സേവന ദാതാവുമായി കരാർ ഒപ്പിട്ട് മൂന്ന് മാസത്തിനകം ആദ്യഘട്ടം പൂർത്തിയാക്കുന്നതാണ്. അതിനുശേഷം ഒരു മാസത്തെ നിരീക്ഷണത്തിനുശേഷം അടുത്ത ഘട്ടത്തിനുള്ള അനുമതി നൽകി ടി ഘട്ടം 4 മാസത്തിനകം പൂർത്തിയാക്കുന്നതുമാണ്.

(ഇ&എഫ്) ഇതുവരെ പ്രസ്തുത സംവിധാനം നടപ്പിലാക്കി തുടങ്ങിയിട്ടില്ല. പദ്ധതിയുടെ നടത്തിപ്പുകാരായ കേരള സ്റ്റേറ്റ് ഐ. ടി. മിഷൻ സേവനദാതാവിനെ കണ്ടെത്തിയതിനുശേഷം പദ്ധതി നടപ്പിലാക്കുന്നതാണ്.

ജലഗതാഗതം മെച്ചപ്പെടുത്താൻ നടപടി

242 (4031) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ദീർഘനാളായി മുടങ്ങിക്കിടക്കുന്ന ഏതൊക്കെ ബോട്ട് സർവീസുകൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ഈ വർഷം ഇനി ഏതൊക്കെ സർവീസുകൾ പുനരാരംഭിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ സ്റ്റീൽ ബോട്ടുകൾ സർവീസിനായി ഉപയോഗിക്കുമോ ;

(ഇ) ജലഗതാഗത വകുപ്പ് എത്ര സ്റ്റീൽ ബോട്ടുകൾ സർവീസിനായി ഉപയോഗിച്ചു വരുന്നു ;

(എഫ്) ഈ വർഷം എത്ര സ്റ്റീൽ ബോട്ടുകൾകൂടി നീറ്റിലിറക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly